LIBRARY ARCHIVES Kerala Legislative Assembly

കാലവർഷക്കെടുതിക്ക് കേന്ദ്ര സഹായം

165 (3937) ശ്രീ. പി. തിലോത്തമൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007, 2008, 2009 എന്നീ വർഷങ്ങളിലുണ്ടായ കാലവർഷക്കെടുതികളെത്തുടർന്ന് കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഈ ഓരോ വർഷവും ഉണ്ടായ നഷ്ടം എത്ര വീതമാണെന്നും ഇതിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്രവീതമാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും കാലയളവിൽ ഇത്തരം കെടുതികളുടെ പേരിൽ ആവശ്യപ്പെട്ടിട്ടുള്ള തുക നൽകാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കാലയളവിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2007-ൽ തെക്കുപടിഞ്ഞാറൻ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 641.29 കോടി രൂപയും 2008-ൽ വേനൽമഴ മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 208 കോടി രൂപയും 2009-ൽ തെക്കുപടിഞ്ഞാറൻ കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ 334.33 കോടി രൂപയുടെയും സി.ആർ.എഫ്. മാനദണ്ഡപ്രകാരം കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും 2007-ൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിനുണ്ടായ നാശനഷ്ടങ്ങൾക്കായി ലഭിച്ച 60.28 കോടി രൂപ മാത്രമാണ് എൻ.സി.സി.എഫ്.-ൽനിന്ന് കേന്ദ്ര സഹായമായി ഇതുവരെ ലഭിച്ചിട്ടുള്ളത്.

(സി) 2008-ലും 2009-ലും കേന്ദ്ര സഹായം ആവശ്യപ്പെട്ട് മെമ്മോറാണ്ടം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിക്കുകയും ചെയ്തുവെങ്കിലും സംസ്ഥാനത്തിന് കേന്ദ്ര സഹായമായി എൻ.സി.സി.എഫ്.-ൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം

166 (3938) ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10-ൽ വെള്ളപ്പൊക്ക ദുരിതാശ്വാസമായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ലഭിച്ചു ;

(ബി) വെള്ളപ്പൊക്കത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് പ്രസ്തുത വർഷം എത്ര തുക നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) കേന്ദ്ര സഹായത്തിനു പുറമെ സംസ്ഥാന സർക്കാർ പ്രസ്തുത വർഷം ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽനിന്ന് സഹായം ലഭിച്ചിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കലാമിറ്റി റിലീഫ് ഫണ്ടിൽനിന്നുള്ള ധനസഹായത്തിന് പുറമേ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിരവധി വീടുകൾ പൂർണ്ണമായി തകരുകയും റോഡുകൾക്കും പാലങ്ങൾക്കും സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരം പൂർണ്ണമായും തകർന്ന വീടുകളുടെ പുനരുദ്ധാരണത്തിന് അനുവദിക്കാവുന്ന 35,000 രൂപ തികച്ചും അപര്യാപ്തമാണെന്ന് കണ്ടതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിന് 65,000 രൂപകൂടി സംസ്ഥാന വിഹിതമായി അനുവദിച്ചു. ഇതിനാവശ്യമായ അധിക ഫണ്ട് കണ്ടെത്തുന്നതിലേയ്ക്കും റോഡുകളുടെയും പാലങ്ങളുടെയും അടിയന്തിര പുനരുദ്ധാരണത്തിനുമായി 25 കോടി രൂപ സംസ്ഥാന സർക്കാർ അടിയന്തിര ധനസഹായമായി അനുവദിച്ചു. ആയതിൽ 9,62,53,000 ചെലവഴിക്കുകയും 125990000 രൂപയുടെ പുനരുദ്ധാരണ പണികൾക്ക് ഭരണാനുമതി നൽകുകയുമുണ്ടായി.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ സുനാമി പുനരധിവാസ പദ്ധതി

167 (3941) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ സുനാമി പുനരധിവാസ പദ്ധതി അനുസരിച്ച് എത്ര വീടുകൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) വീടുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ അജാനൂർ വില്ലേജിൽ 27 വീടുകൾ, കാഞ്ഞങ്ങാട് വില്ലേജിൽ 44 വീടുകൾ, ഹോസ്ദുർഗ്ഗ് വില്ലേജിൽ 7 വീടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) അജാനൂർ വില്ലേജിലെ 27 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും നിർമ്മാണത്തിൽ നല്ല പുരോഗതിയുമുണ്ട്. മറ്റുള്ളവയിൽ സുപ്രീം കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ ഭൂമി ഏറ്റെടുത്തതിനുശേഷം വീട് നിർമ്മാണം ആരംഭിച്ചുവെന്നല്ലാതെ തുടർനടപടികളുണ്ടായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY.ARCHIVES Kerala Legislative Assembly